റാവുബഹദൂർ എം. നാരായണമേനോൻ: (എ) ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിൽ യാതൊരു പ്രത്യേക വ്യവസ്ഥകളും പുതുതായി ഉണ്ടാക്കിയിട്ടില്ല.

(സി) ന്യായമാണെന്ന് ബോദ്ധ്യമായാൽ ഡെപ്യൂട്ടി കമ്മീഷണരോ, അദ്ദേഹം ഇല്ലാത്ത അവസരങ്ങളിൽ സി. ഐ. ബി. ഇൻസ്പെക്ടരോ കൊടുക്കുന്നതാണ്.

BRAKE CERTIFICATES FOR MOTOR VEHICLES—FEES FOR

147. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ടു സഭയെ മറുപടി പറയുമോ.—

(എ) മോട്ടോർ ബസ്സുകൾക്കു ബ്രേക്കു സർട്ടിഫിക്കറിനു നിശ്ചയിച്ചിട്ടുള്ള ഫീസു് എന്തു്;

(ബി) മോട്ടോർ കാറുകൾക്കു നിശ്ചയിച്ചിട്ടുള്ള ഫീസു് എന്തു്?

റാവുബഹദൂർ എം. നാരായണമേനോൻ: (എ) മോട്ടോർ ട്രക്കിനു രൂപ രണ്ടുവകയിൽ രണ്ടും ഉപവകയിൽ നിശ്ചയിച്ചതു്.

(ബി) മൻപ്രസ്ഥാവിച്ചതു തന്നെ.

PUNISHMENTS AWARDED TO POLICE FORCE

148. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ടു സഭയെ മറുപടി പറയുമോ.—

(എ) പോലീസു് കോൺസ്റ്റബിൾമാർ, ഹെഡ് കോൺസ്റ്റബിൾമാർ, ഇൻസ്പെക്ടർമാർ ഇവർ എന്തെങ്കിലും കുറ്റം ചെയ്താൽ ഡിപ്പാർട്ടുമെണ്ടിൽനിന്നു കൊടുക്കുന്ന മാക്സിമം ശിക്ഷ എന്താണ്;

(ബി) മാക്സിമം ശിക്ഷ അനുഭവിക്കാനിടവന്നിട്ടുള്ളവർ മേൽപറഞ്ഞ ഓരോ ഇനത്തിലും ഫലപ്രദർ, ഫലപ്രദ ഈ കൊല്ലങ്ങളിൽ എത്രവീതമുണ്ടു്;

(സി) ഒരേകുറ്റത്തിനു ശിക്ഷിക്കപ്പെട്ട കോൺസ്റ്റബിൾമാരിൽ ഒരാളെ വീണ്ടും ഉദ്യോഗത്തിൽ പ്രവേശിപ്പിക്കുകയും, മറേ ആളെ ഇപ്പോഴും ശിക്ഷയിൽ നിറുത്തിയിരിക്കുന്നതുമായ ഒരു സംഭവമുണ്ടായിട്ടുണ്ടോ;

(ഡി) ഈ കൊല്ലങ്ങളിൽ ശിക്ഷിക്കപ്പെട്ടവരിൽ ആരുടെയെങ്കിലും ശിക്ഷ അസ്ഥിരപ്പെടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ടെങ്കിൽ എത്രപേരുടെ?

റാവുബഹദൂർ എം. നാരായണമേനോൻ: (എ) പണിയിൽ നിന്നും പിരിച്ചുവിടൽ.

(ബി)	ഫർ	ഫർ
(i) കോൺസ്റ്റബിൾമാർ	വു	ൻ
(ii) ഹെഡ് കോൺസ്റ്റബിൾമാർ	...	ഫ
(iii) ഇൻസ്പെക്ടർമാർ	....	....

(സി) ഇല്ല.

(ഡി) ഉച്ച.

(ഇ) ഒരാളുടെ.

IRON LUNGS—INSTALLATION IN HOSPITALS

149. Mr. C. V. Iyyu *(Kunnamkulam):* Will the Government be pleased to state.—

(*a*) whether they have received the Iron Lungs as a free gift from Lord Nuffield;

(*b*) if not, when do they expect to receive?

Dr. T. Verghese *(Chief Medical Officer):*

(*a*) Yes.

(*b*) No answer is necessary in view of answer to (*a*).

GRANT-IN-AID DISPENSARIES—DELAY IN SUPPLY OF MEDICINES TO

150. മിസ്റ്റർ സി. കുഞ്ഞൻനമ്പൂരിപ്പാട്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടിൽ നിന്നും ദയവുചെയ്തു മറുപടി പറയാമോ.—

(എ) കൊച്ചി രാജ്യത്തിലുള്ള ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികളിലേക്കുള്ള മരുന്നുകൾ ഏതുമാസത്തിലാണു സാധാരണയായി കൊടുക്കുക പതിവു;

(ബി) ഈ കൊല്ലത്തിൽ ഏതു മാസത്തിലാണു കൊടുത്തിട്ടുള്ളതു;

(സി) മരുന്നുകൾ കൊടുക്കുവാൻ ഈ കൊല്ലത്തിൽ അസാധാരണയായി വല്ല താമസവും നേരിട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനു കാരണമെന്താണു?

ഡോക്ടർ ടി. വർഗ്ഗീസ്: (എ) സാധാരണയായി കന്നിമാസത്തിലാണു കൊടുക്കുക പതിവു.

LIBRARY ARCHIVES Kerala Legislative Assembly